**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2272** **11-10-2021 - ൽ മറുപടിയ്ക്ക്**

**അതിദാരിദ്ര ലഘൂകരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | അതിദാരിദ്ര ലഘൂകരണ പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും ആയതിലേക്ക് എത്ര തുക 2020-21 കാലയളവിൽ മാറ്റിവെച്ചിട്ടുണ്ടെന്നും വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് അതീവദാരിദ്ര്യം അനുഭവിക്കുന്ന കുടുംബങ്ങളെ കണ്ടെത്തുന്നതിനായി 16/07/2021 -ലെ സ.ഉ.(കൈ)നം.145/2021/തസ്വഭവ പ്രകാരം അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. അതിദരിദ്രരുടെ നിർണ്ണയ പ്രക്രിയ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഗ്രാമവികസന കമ്മീഷണറേറ്റിലെ അഡീഷണൽ ഡെവലപ്പ്മെന്റ് കമ്മീഷണറെ സംസ്ഥാന തല നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. അതിദാരിദ്ര്യനിർണ്ണയ പ്രക്രിയയുടെ മുന്നൊരുക്കങ്ങളുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത്, വയനാട് ജില്ലയിലെ തിരുനെല്ലി ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ പൈലറ്റ് പഠനം ആരംഭിച്ചു. കൂടാതെ കിലയുടെ നേതൃത്വത്തിൽ പരിശീലനപരിപാടിയും ആരംഭിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ ഇതിലേക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ല. |
| (ബി) | ഈ പദ്ധതി സർക്കാർ നേരിട്ടാണോ ഏജൻസി മുഖാന്തരമാണോ നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഏജൻസി മുഖേനയാണെങ്കിൽ ഏത് ഏജൻസികളെയാണ് ചുമതലപ്പെടുത്തുന്നതെന്നും വ്യക്തമാക്കാമോ? | (ബി) | അതിദാരിദ്ര്യ നിർണ്ണയ പദ്ധതി സർക്കാർ നേരിട്ട് കിലയുടെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും സഹായത്തോടെ നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ